**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2016** **11-10-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലോക്കൽ പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ (എസ്.എച്ച്.ഒ.) നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | ലോക്കൽ പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ (എസ്.എച്ച്.ഒ.) നിയമനവും സ്ഥലം മാറ്റവും സംസ്ഥാന അടിസ്ഥാനത്തിലാണ് നടന്നു വരുന്നത്. എസ്.എച്ച്.ഒ. മാരായി ഇൻസ്പെക്ടർമാർ നിയമിതരാകുന്ന സാഹചര്യത്തിൽ യഥാവിധി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്ന് യോഗ്യരായ സബ്ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയും നിലവിലുള്ള ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റം നടത്തിയുമാണ് ഓരോ സ്റ്റേഷനിലും നിയമനം നടത്തുന്നത്. |
| (ബി) | ഭാര്യയുടെ വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തുള്ള ലോക്കൽ പോലീസ് സ്റ്റേഷനിൽ ഭർത്താവിനെ സ്റ്റേഷൻ ഹൗസ് ഓഫീസറായി നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തു ഇത്തരത്തിൽ ആരെയെങ്കിലും എസ്.എച്ച്. ഒ. ആയി നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിയമനം നൽകുമ്പോൾ സാധാരണയായി അവരുടെ സ്വന്തം പോലീസ് സ്റ്റേഷനിലോ ഭാര്യയുടെ വീടിരിക്കുന്ന സ്ഥലത്തിന്റെ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിലോ പൊതുവെ നിയമിക്കാറില്ല. ഇപ്രകാരമുള്ള സ്ഥലം മാറ്റം ശ്രദ്ധയിൽപെടുന്ന സന്ദർഭങ്ങളിൽ അത് പരിശോധിച്ച് ആവശ്യമെങ്കിൽ മാറ്റം വരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ